(ബി) കെ.എസ്.ആർ.ടി.സി. യുടെ പ്രതിമാസ വരവ് 50 കോടി രൂപയും ചെലവ് 60 കോടി രൂപയുമാണ്. ഡീസൽ, സ്പെയർ പാർട്ട്സ് എന്നീ ഇനങ്ങളിൽ കൂടെകൂടെയുണ്ടാകുന്ന വില വർദ്ധനവുമൂലവും ശമ്പളപരിഷ്ക്കരണം മൂലവുമാണ് അധിക ചെലവ് ഉണ്ടാകുന്നത്. യാത്രാക്കൂലിയിൽ മാറ്റം വരുത്താത്ത സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല.

ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പുതിയ ഡിപ്പോകൾ

20 (1572) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷൻ പുതിയ ഡിപ്പോകളും ബസ് ഡിപ്പോകളും തുറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ ;

(സി) ഇതിനുവേണ്ടി എന്തു ചെലവ് പ്രതീക്ഷിക്കുന്നു ;

(ഡി) ഈ ഡിപ്പോകൾ എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ബസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കാൻ ആവശ്യമായ സ്ഥലം ഗ്യാരേജ്, ഓഫീസ് കെട്ടിടം, മറ്റു പ്രാഥമിക സൗകര്യങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തരുന്നപക്ഷം ദേശസാൽകൃതമേഖലക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ട്രാഫിക് സാന്ദ്രതയുള്ള സ്ഥലങ്ങളിൽ ഡിപ്പോകൾ തുടങ്ങുന്ന കാര്യം ആലോചിക്കാവുന്നതാണ്.

(സി&ഡി) തദ്ദേശ സ്ഥാപനങ്ങൾ സൗജന്യമായി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാൽ മൂലധനചെലവ് ഉണ്ടാകുന്നില്ല. എന്നാൽ നോൺ ഓപ്പറേറ്റിംഗ് സ്റ്റാഫിനെ നിയോഗിക്കേണ്ടി വരുന്നതിനാൽ ഏകദേശം രണ്ടരലക്ഷത്തോളം രൂപ പ്രതിമാസം ആവർത്തന ചെലവ് ഉണ്ടാകും.

കെ.എസ്.ആർ.ടി.സി. വാങ്ങിയ ബസ്സുകൾ

21 (1573) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. വാങ്ങിയ ബസ്സുകൾ ഏതെല്ലാം ഡിപ്പോകൾക്കാണ് നൽകിയിട്ടുള്ളത് എന്നും ഓരോ ഡിപ്പോയ്ക്കും എത്ര ബസ്സുകൾ വീതം നൽകിയെന്നും വ്യക്തമാക്കാമോ ;

(ബി) എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തുന്നുണ്ട്. അവ ഏതെല്ലാം ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. 2071 ബസുകൾ വാങ്ങിയിട്ടുണ്ട്. ഓരോ ഡിപ്പോകൾക്കും 1-3-2001 വരെ നൽകിയ ബസ്സുകളുടെ എണ്ണം സംബന്ധിച്ച ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.

(ബി) 103 റൂട്ടുകളിൽ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.*

കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്പെയർ പാർട്ടുകൾ വാങ്ങിയ കണക്ക്

22 (1574) ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ആവശ്യമായ സ്പെയർ പാർട്ടുകൾ കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വാങ്ങിയതിന്റെ കണക്ക്, വർഷം പ്രതിയുള്ളത് വ്യക്തമാക്കുമോ ;

(ബി) ഇതിൽ മിച്ച സ്റ്റോക്ക് എത്രയുണ്ട് ;

(സി) ഇവയിൽ മോഡൽ മാറ്റം വന്നതുകൊണ്ട് ഇപ്പോഴുള്ള ബസ്സുകൾക്ക് ഉപയോഗിക്കാൻ പറ്റാത്തത് എത്ര ;

(ഡി) അതുമൂലം ഉണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

1997- 98	14,96,25,299 രൂപ
1998 - 99	10,65,63,972 രൂപ
1999 - 2000	15,64,73,343 രൂപ

(ബി) 31-3-2000-ലെ കണക്കനുസരിച്ച് 758.33 ലക്ഷം രൂപ മൂല്യമുള്ള സ്റ്റോക്ക് മിച്ചമുണ്ടായിരുന്നു.

(സി & ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly